20
2021
സെപ്റ്റംബർ
തിങ്കൾ
1197
കന്നി 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 155 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-155 പേജ് 4. വില 2.00 രൂപ




02 തുടക്കക്കാരന്റെ വീഴ്ച ഒടുക്കം വരെ വേദനയായ്....കൊണ്ടുനടന്ന റിസബാവ
03 ലൈഫ് പദ്ധതി: കൊല്ലം നഗരസഭയിൽ 200 വീടുകൾ കൂടി പൂർത്തിയായി
04 കടൽ വിഭവങ്ങളുടെ രുചി വൈവിധ്യവുമായി സീഫുഡ് റസ്റ്റോറന്റുകൾ

# ശംഖുമുഖം വികസനം... കുളിപ്പിച്ച് കുളിപ്പിച്ച തീരം ഇല്ലാതാക്കരുത്

**പി സ്റ്റെല്ലസ്**



തിരുവനന്തപുരം: ശംഖുമുഖം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനോടൊപ്പം കടൽ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തേണ്ടതാണ്. ശംഖുമുഖം നേരിടുന്നതിനു തുല്യമായ കടലാക്രമണവും തീരശോഷണവും തൊട്ടടുത്ത വലിയതോപ്പ് ,പൂന്തുറ,പനത്തുറ തുടങ്ങി നിരവധി തീരങ്ങൾ നേരിടുന്നുണ്ട്.ശംഖുമുഖത്തിനു പ്രാധാന്യം നൽകിക്കൊണ്ട് നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.പക്ഷേ ഒരു കടലാക്രമണ സീസണിനപ്പുറത്തേക്ക് ഈ സുരക്ഷാ കവചങ്ങളൊന്നും നിലനിന്നിട്ടില്ലന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു.വലിയതുറ പാലത്തിനു സമീപം തീരസുരക്ഷിതത്വത്തിനായി ഹാർബർ എൻജിനീയറിംഗ് നടത്തിയ നിർമ്മാണത്തിന്റെ പരിണിതഫലമാണ് വടക്കു ഭാഗത്തുള്ള വീടുകളും,ഫിഷ്ലാൻഡിംഗ് സെന്ററും കടലെടുത്തത്.തിരസുരക്ഷിതത്വത്തിനായി നിർമ്മിതികൾ വരുമ്പോൾ പ്രദേശവാസികളെയും വിശ്വസത്തിലെടുക്കണമെന്ന് തീരത്തെ കെടുതികളെ നേരിടുന്നവർ പറയുന്നു.

ട്യൂറിസത്തിന്റെ നിലനിൽപ്പിന് കോടികൾ മുടക്കുമ്പോൾ തിരുവനന്തപുരം തെക്കെ കൊല്ലംങ്കോട് മുതൽ വർക്കല വരെയുള്ള തീരത്ത് സുനാമിക്ക് ശേഷം മത്സ്യത്തൊഴിലാളികളുടെ ജീവിതം വളരെ ദുരിതപൂർണ്ണമാണ്, ട്യൂറിസത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് കോടികൾ മുടക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ജീവിതവും, സുരക്ഷയും ഉറപ്പ് വരുത്തേണ്ടതാണ്.

ശംഖുമുഖത്തും, കോവളത്തും,സംരക്ഷണം നൽകുമ്പോൾ അതെ മാനദണ്ഡങ്ങളും, ടെക്നോളജികളും, ( ഡയ ഫ്രം വാൾ) ഉപയോഗിച്ച് മത്സ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന തീരമേഖലകളിലെ ഫിഷറീസ് കോളനികളും അതെ മാതൃകയിൽ തന്നെ തീരം സംരക്ഷിക്കാൻ സർക്കാർ മുമ്പോട്ട് വരേണ്ടതാണ് ടൂറിസത്തിലൂടെ സർക്കാരിന് നേട്ടം കിട്ടുന്നതു പോലെയാണ് ദേശീയ വരുമാനത്തിൽ വിദേശനാണ്യം മത്സ്യത്തൊഴിലാളി സമൂഹവും നേടിത്തരുന്നത്, പിന്നോക്ക ജീവിതവും നമ്മുടെ പൈതൃകമായ മത്സ്യസമ്പത്തും നിലനിർത്തിക്കൊണ്ട് മത്സ്യത്തൊഴിലാളി സമൂഹത്തെയും സംരക്ഷിക്കണം.

കഴിഞ്ഞ സർക്കാർ കാലത്ത് ടൂറിസം മന്ത്രിയായിരുന്ന മന്ത്രി കടകംപള്ളി സുരേന്ദ്രൻ ശംഖുമുഖം വികസനത്തിന് കോടികൾ മുടക്കി തീരസംരക്ഷണമൊരുക്കിയിരുന്നു. അതൊക്കെ കടലമ്മ കൊണ്ടുപോയി. കഴിഞ്ഞ തവണ മുടക്കിയ കോടികൾ വെള്ളത്തിലായപ്പോൾ വീണ്ടും ഓരോ പുതിയ ടെക്നോളജി പറഞ്ഞ് കോടികൾ മുടക്കുന്നു. ഇത് എന്തിന്? കഴിഞ്ഞ മന്ത്രിസഭയുടെ മുൻ മന്ത്രി കടകംപള്ളിയുടെ കാലത്ത് 5. 49 കോടിക്ക് കരാർ കൊടുത്തത് 6 മാസത്തിന് കൊണ്ട്. നിർമ്മാണം പൂർത്തിയാക്കാമെന്ന് പറഞ്ഞാണ് കരാർ നൽകിയത എന്നാൽ സമയത്തിന് തീർതുമില്ല കടലമ്മ കൊണ്ടു പോകുകയും ചെയുതു, പദ്ധതി എവിടെ, ഫണ്ട് എവിടെ? ഇപ്പോൾ വിമാനത്താവളത്തിൽ പോകാൻ കഴിയുന്നില്ല, തീരത്തോട് താമസിക്കുന്ന ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കേണ്ടതുണ്ട്, ഓഫ് ഷോർ, ടെട്രാപ്പോട്, ജിയോടൂബ്, കാലാകാലങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവന്നു അതൊന്നും പര്യാപ്തമായിട്ടില്ല എന്നതാണ് സത്യം, എന്നിട്ടാണ് ഡയ ഫ്രം വാൾ നിർമ്മിച്ച് റോഡ് പുനരുദ്ധരിക്കുന്നതിന് അനുവദിച്ച 6.39 കോടി രൂപ ഹാർബർ ഇഞ്ചിനിയറിംഗിന്റെ വൻ അഴിമതിക്ക് വഴി തെളിയിക്കാൻ സാധ്യതകൾ ഏറെയാണ്



തുറമുഖ മന്ത്രി അഹമ്മദ് ദേവർകോവിൽ തമിഴ്നാട് തുറമുഖ മന്ത്രി വേലുവുമായി ചെന്നൈയിൽ കൂടിക്കാഴ്ച നടത്തുന്നു

# തുറമുഖ ചരക്ക് നീക്കത്തിന് കേരളവും തമിഴ്നാടും സഹകരിക്കും

തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കത്തിൽ കേരളവും തമിഴ്നാടും തമ്മിൽ സഹകരിക്കുമെന്ന് തുറമുഖ മന്ത്രി അഹമ്മദ് ദേവർകോവിൽ അറിയിച്ചു.

ഇതു സംബന്ധിച്ച് തമിഴ്നാട് തുറമുഖ മന്ത്രി ഇ. വി വേലുവുമായി അദ്ദേഹം ചെന്നൈയിൽ കൂടിക്കാഴ്ച നടത്തി. കേരളം ചെറുകിട തുറമുഖങ്ങളെ വികസിപ്പിക്കുന്നതിനും ചരക്ക് ഗതാഗതം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ ദക്ഷിണേന്ത്യയിലെ ചരക്കുഗതാഗതം ഊർജിതപ്പെടുത്താനും തദ്ദേശ ജലപാതകൾ വഴിയുള്ള വ്യാപാരം വർധിപ്പിക്കാനും ഇരു സംസ്ഥാനങ്ങളും ധാരണയിൽ എത്തി.

തമിഴ്നാടും കേരളവുമായി ഏറ്റവും അടുപ്പമുള്ള മാലിദ്വീപ് ഏകദേശം 300 കോടി രൂപയുടെ ഇറക്കുമതി പ്രതിവർഷം നടത്തുന്നുണ്ട്. ഇതിൽ 10 ശതമാനത്തിൽ താഴെയാണ് ഇന്ത്യയുടെ പങ്ക്. ഇപ്പോൾ തൂത്തുക്കുടി, കൊച്ചി പോർട്ടുകളെ ബന്ധിപ്പിച്ചുകൊണ്ട് ഷിപ്പിങ് കോർപ്പറേഷന്റെ 10 ദിവസം കൂടുമ്പോൾ നടത്തുന്ന ഒരു കപ്പൽ സർവീസ് മാത്രമാണുള്ളത്. ഇത് വർദ്ധിപ്പിക്കുകയും കേരളത്തിലെയും തമിഴ്നാട്ടിലെയും തുറമുഖങ്ങളെ കൂടി ഉൾപ്പെടുത്തുകയും ചെയ്താൽ കേരളത്തിൽ നിന്നുള്ള കയറ്റുമതി വർധിപ്പിക്കാൻ കഴിയുമെന്ന് തമിഴ്നാട് മന്ത്രിയെ അദ്ദേഹം അറിയിച്ചു. കൊല്ലം കോവളം കന്യാകുമാരി ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് ഒരു ഫെറി സർവീസ് ആരംഭിക്കുന്നതും ചർച്ച ചെയ്തു.

ദേശീയ ഹരിത ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 200 മീറ്റർ ബഫർ സോൺ ഇല്ലാത്ത ക്വാറികൾ തുറക്കാൻ അനുവാദമില്ല. ഈ സാഹചര്യത്തിൽ കേരളത്തിൽ പുതിയ ക്വാറികൾ ആരംഭിക്കാൻ പ്രയാസമുണ്ട്. വിഴിഞ്ഞം തുറമുഖത്തേക്ക് ആവശ്യമായ പാറയുടെ ദൗർലഭ്യം പരിഹരിക്കാൻ തമിഴ്നാട് സർക്കാർ കരാർ കമ്പനിയെ സഹായിക്കണമെന്നും അഭ്യർത്ഥിച്ചു. ഇപ്പോൾ കശുവണ്ടി ഇറക്കുമതി ചെയ്യുന്നത് തൂത്തുക്കുടി തുറമുഖത്തേക്കാണ്. തൂത്തുക്കുടിയിൽ നിന്നും ഇത് കടൽമാർഗ്ഗം കൊല്ലത്ത് എത്തിച്ചാൽ ഇരു തുറമുഖങ്ങളുടെയും വാണിജ്യം വർദ്ധിക്കുവാനും വിലയിൽ ഏറെ കുറവ് വരുത്തുവാനും കഴിയുമെന്നും മന്ത്രി ചർച്ചയിൽ അറിയിച്ചു. കേരളത്തിൽ കൊല്ലം ബേപ്പൂർ അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ കപ്പൽ സർവീസ് ആരംഭിച്ചിട്ടുണ്ട്. ഇത് തൊട്ടടുത്ത തുറമുഖങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ ഇരു സംസ്ഥാനങ്ങളുടെയും ചരക്ക് ഗതാഗതത്തെ വലിയ രീതിയിൽ പ്രോത്സാഹിപ്പിക്കുവാനും കേരളത്തിലേക്ക് കൂടുതൽ ചരക്ക് എത്തിക്കാനും കഴിയും. കേരളത്തിന് വേണ്ട എല്ലാ സഹായവും സഹകരണവും തമിഴ്നാട് മന്ത്രി ഉറപ്പു നൽകിയതായി മന്ത്രി അഹമ്മദ് ദേവർകോവിൽ അറിയിച്ചു.

# സ്കൂൾ തുറക്കാൻ വിപുലപദ്ധതി തയ്യാറെടുപ്പ് ഒക്ടോബർ പതിനഞ്ചിനകം

തിരുവനന്തപുരം : സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ തുറക്കുന്നതിനു മുന്നോടിയായുള്ള തയ്യാറെടുപ്പുകൾ വിദ്യാഭ്യാസവകുപ്പ് ആരംഭിച്ചു. വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം 23ന് ചേരും. എത്ര വിദ്യാർഥികളെ ക്ലാസിലിരുത്താം, കോവിഡ് പ്രതിരോധം ഉറപ്പാക്കാൻ എന്തുചെയ്യണം തുടങ്ങിയവയും ചർച്ച ചെയ്യും. ആരോഗ്യം, പൊലീസ് , തദ്ദേശം തുടങ്ങിയ വകുപ്പുകളുമായി ആലോചിച്ച് പ്രാഥമിക നിർദേശം മന്ത്രി യോഗത്തിൽ അവതരിപ്പിക്കും. ആരോഗ്യ മന്ത്രി വീണാ ജോർജുമായും പ്രാഥമിക ചർച്ച നടത്തി. തീരുമാനം ഒക്ടോബർ 15നു മുമ്പ് മുഖ്യമന്ത്രിക്ക് സമർപ്പിക്കും. മുന്നൊരുക്കത്തിന് പൊതുജനപിന്തുണയും അഭ്യർഥിച്ചിട്ടുണ്ട്.

സംസ്ഥാന ജില്ലാ തലങ്ങളിലും യോഗം ചേരും. ആരോഗ്യവിദഗ്ധർ, കലക്ടർമാർ എന്നിവരുമായും ചർച്ച നടത്തും. വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും ആശങ്ക അകറ്റുംവിധമുള്ള ക്രമീകരണമാണ് നടത്തുക. മാസ്ക്, സാനിറ്റൈസർ, സാമൂഹ്യ അകലം എന്നിവ ഉറപ്പിക്കലും കുട്ടികൾ യാത്ര ചെയ്യുന്ന വാഹനങ്ങളിൽ പാലിക്കേണ്ട കാര്യങ്ങളും ഉൾപ്പെടുന്നതാകും ക്രമീകരണം. വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ചു തന്നെയാണ് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട പ്രഖ്യാപനം മുഖ്യമന്ത്രി നടത്തിയതെന്നും മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി പറഞ്ഞു. ഇതുസംബന്ധിച്ച മാധ്യമവാർത്തകൾ വാസ്തവവിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

# വിഴിഞ്ഞം തുറമുഖം: കരിങ്കൽ ക്ഷാമം പരിഹരിക്കാൻ മന്ത്രിതല ചർച്ച

തിരുവനന്തപുരം : വിഴിഞ്ഞം തുറമുഖ നിർമാണത്തിന് കരിങ്കൽ ലഭ്യമാക്കുന്നതിന് തുറമുഖ മന്ത്രി അഹമ്മദ് ദേവർകോവിൽ തമിഴ്നാട് തുറമുഖ മന്ത്രി വേലുമായി ചർച്ച നടത്തി. ചെന്നൈയിലെ ചർച്ചയിൽ മറ്റ് തുറമുഖങ്ങളുടെ വികസനവും ചർച്ചയായി.

കരിങ്കല്ല് ലഭ്യമാക്കാൻ ആവശ്യമായ ഇടപെടൽ നടത്താമെന്ന് മന്ത്രി വേലു ഉറപ്പ് നൽകി. ജനവാസ കേന്ദ്രത്തിന് 200 മീറ്റർ അടുത്ത് ക്വാറികൾ പ്രവർത്തിപ്പിക്കാൻ പാടില്ലെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം പദ്ധതിക്കടക്കം കരിങ്കല്ലിന് വലിയ ക്ഷാമം നേരിടുകയാണ്. ഇതോടെയാണ് മന്ത്രി അഹമ്മദ് ദേവർകോവിൽ തമിഴ്നാട്ടിലെത്തിയത്.

അടുത്ത ദിവസം ഈ വിഷയത്തിൽ മുഖ്യമന്ത്രി എം കെ സ്റ്റാലിനുമായും സംസാരിക്കുമെന്ന് മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. മ്യൂസിയങ്ങളെ തമ്മിൽ ബന്ധിപ്പിച്ചും ആരാധനാലയങ്ങളെ ബന്ധിപ്പിച്ചും കോറിഡോർ ആരംഭിക്കുന്നകാര്യം ചർച്ചയിൽ വന്നതായും മന്ത്രി പറഞ്ഞു

# ശംഖുമുഖം റോഡിന്റെ പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തിയാക്കും: മന്ത്രി ആന്റണി രാജു

കടലാക്രമണത്തെത്തുടർന്ന് തകർന്ന ശംഖുമുഖം റോഡ് സമയബന്ധിതമായി പുനർനിർമ്മിക്കുമെന്ന് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു അറിയിച്ചു. ശംഖുമുഖം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മന്ത്രി നേരിട്ടെത്തി വിലയിരുത്തി. ശംഖുമുഖം റോഡിന്റെ പുനരുദ്ധരണ പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ കഴിഞ്ഞ ദിവസം മന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നത തല യോഗം ചേർന്നിരുന്നു. അതിനെത്തുടർന്നാണ് നിർമാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. കടലാക്രമണം നിരന്തരം ഉണ്ടാവുന്ന സ്ഥലമായതിനാൽ താത്ക്കാലിക പരിഹാരങ്ങൾക്ക് പകരം ശാശ്വതമായ പരിഹാരമാണ് വേണ്ടതെന്ന് മന്ത്രി നിർദേശിച്ചിരുന്നു. അതിനാൽ പൈലിങ് നടത്തി അതിൽ ഡയഫ്രം വാൾ നിർമ്മിക്കുവാൻ തീരുമാനിച്ചു. അതിനാവശ്യമായ അധികതുക പൊതുമരാമത്ത് വകുപ്പ് അനുവദിച്ചതു കൊണ്ടാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചതെന്ന് മന്ത്രി പറഞ്ഞു. ശംഖുമുഖം ബീച്ച് പഴയ നിലയിൽ വികസിപ്പിക്കുവാൻ 6.39 കോടി രൂപയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ അനുവദിച്ചത്. ഇപ്പോൾ നിർമ്മിക്കുന്ന 245 മീറ്റർ ഡയഫ്രം വാൾ 330 മീറ്ററായി നീട്ടാനുള്ള എസ്റ്റിമേറ്റ് തയാറാക്കുവാൻ മന്ത്രി നിർദേശിച്ചു. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനാൽ കടലാക്രമണത്തെ അതിജീവിക്കാൻ കഴിയും. ആറു മാസമാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന നിർമാണ കാലാവധി. തീരമേഖലയിലെ ജനങ്ങളുടെ ബുദ്ധിമുട്ടും ആഭ്യന്തര വിമാനത്താവളത്തിലേക്കുള്ള യാത്രാക്ലേശവും കണക്കിലേടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നാലു മാസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ മന്ത്രി നിർദേശിച്ചു. പൊതുമരാമത്ത് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു. പ്രവർത്തന പുരോഗതി എല്ലാ ആഴ്ചയും സ്ഥലം എം.എൽ.എ കൂടിയായ മന്ത്രിയുടെ നേതൃത്വത്തിൽ അവലോകനം ചെയ്യും.

# മതസൗഹാർദവും സമുദായ സാഹോദര്യവും സംരക്ഷിക്കണം: മാർ ജോർജ് ആലഞ്ചേരി

കൊച്ചി : മതസൗഹാർദവും സമുദായ സാഹോദര്യവും സംരക്ഷിക്കണമെന്ന് സിറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസ്താവനയിൽ പറഞ്ഞു. എല്ലാ മതവിശ്വാസികളും സമുദായങ്ങളും സാഹോദര്യത്തോടെ ജീവിക്കുന്ന കേരളീയ പാരമ്പര്യത്തിന് കോട്ടംതട്ടാൻ നാം അനുവദിക്കരുത്. മതവികാരങ്ങളെ മുറിപ്പെടുത്തുന്നതെന്ന് സംശയിക്കുന്ന കാര്യങ്ങളിൽപ്പോലും വിവേകത്തോടും പരസ്പരബഹുമാനത്തോടുംകൂടി ചർച്ചകൾ നടത്തി പരിഹരിക്കണം.

ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്നവരുടെ പ്രസ്താവനകളെയും പ്രവർത്തനങ്ങളെയും യഥാർഥ ലക്ഷ്യത്തിൽനിന്ന് മാറ്റിനിർത്തി വ്യാഖ്യാനിക്കുന്നത് തെറ്റിദ്ധാരണകൾക്കും ഭിന്നതകൾക്കും വഴിതെളിക്കും. ഇത്തരം പ്രവണതകൾക്കെതിരെ എല്ലാവരും ജാഗ്രത പുലർത്തണം.



എല്ലാ മതവിശ്വാസികളെയും ഒരുപോലെ ബഹുമാനിക്കണമെന്നും എല്ലാവരോടും സഹകരിക്കണമെന്നുമാണ് സഭയുടെ കാഴ്ചപ്പാട്. സമൂഹത്തിൽ സംഘർഷമുണ്ടാക്കുന്ന സാഹചര്യം സൃഷ്ടിക്കാൻ ക്രൈസ്തവസഭകളോ സഭാശുശ്രൂഷകരോ ആഗ്രഹിക്കുന്നില്ല. സഭയുടെ കാഴ്ചപ്പാടിൽനിന്ന് ഒരു സാഹചര്യത്തിലും വ്യതിചലിക്കാതിരിക്കാൻ സഭാംഗങ്ങൾ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.



നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ കൊല്ലം ബീച്ചിൽ നടന്ന തീരശുചീകരണവും പുന്നതൈ നടീലും എം. മുകേഷ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

# തുടക്കകാരന്റെ വീഴ്ച ഒടുക്കം വരെ വേദനയായ്....കൊണ്ടുനടന്ന റിസബാവ

യേശുദാസ് വില്യം

റിസ ബാവ ഓർമയായി.മലയാളസിനിമയിൽ വില്ലൻ സങ്കൽപ്പങ്ങൾക്ക് പുതിയ ശൈലി പ്രതിഫലിപ്പിച്ച സുമുഖനായ നടൻ.വെള്ളിനക്ഷത്രവും റിസബാവയും മലയാള സിനിമയിൽ ചുവടുവെക്കുന്നത് ഏതാണ്ട് ഒരേ കാലയളവിലാണ്.പശുപതിയിൽ അഭിനയിച്ചതിനു ശേഷമാണന്നു തോന്നുന്നു തിരുവനന്തപുരത്ത് എൻ.ശങ്കരൻനായരുടെ അഗ്നിനിലാവിൽ അഭിനയിക്കുവാനായി റിസബാവ തിരുവനന്തപുരത്ത് വന്നത്.അന്നാണ് ഞാൻ റിസബാവയെ കാണുന്നതും പരിചയപ്പെടുന്നതും.നാടകരംഗത്തുനിന്നുമെത്തിയ കഥകളൊക്കെ റിസബാവ സംസാരിച്ചു.മലയാളനാടകവേദിയിൽ അദ്ദേഹം അനശ്വരമാക്കിയ സ്വാതി തിരുനാൾ ഉൾപ്പടെയുള്ള കഥാപാത്രങ്ങളെക്കുറിച്ച് സംസാരിച്ചു.ചലച്ചിത്ര പത്രപ്രവർത്തനത്തിന്റെ തുടക്കകാലത്ത് നടന്ന ഈ പരിചയപ്പെടൽ ജീവിതത്തിൽ ഒരിക്കലും മാറാക്കാനവാത്തതായതിനു കാരണം അന്നത്തെ സിനിമാചിത്രീകരണത്തിനിടയിൽ ഒരു സംഭവമുണ്ടായതു കൊണ്ടു മാത്രമാണ്.

അഗ്നിനിലാവ് ഒരു ഹൊറർ പശ്ചാത്തലമുള്ള സിനിമയായിരുന്നു.ഗാനങ്ങൾക്ക് അതീവ പ്രാധാന്യവും ഉണ്ടായിരുന്നു.വയലാർ മാധവൻകുട്ടി രചിച്ച നാലഞ്ചു ഗാനങ്ങൾ.എന്നാൽ ഈ ഗാനങ്ങൾക്ക് സംഗീതം പകർന്നത് പ്രശസ്ത സംഗീത സംവിധായിക ഉഷാഖന്നയായിരുന്നു.ഏറെക്കാലത്തിനു ശേഷം ഉഷാഖന്നയുടെ ഗാനങ്ങൾ എന്നതും ഹൈലൈറ്റ് ആയിരുന്നു.സന്ധ്യ കഴിഞ്ഞ നേരത്ത് ചിത്രാഞ്ജലിയിലെ കുന്നിൻ മുകളിലെ ലാൻഡ് സ്കേപ്പിലായിരുന്നു ചിത്രീകരണം.ചിത്രത്തിലെ ഗാനരംഗങ്ങളോ,സീനുകളോ ഒന്നുമായിരുന്നില്ല അവിടെ ചിത്രീകരിച്ചത്.ഫൈറ്റ് സ്വീക്വൻസുകളായിരുന്നു ചിത്രീകരിച്ചത്.ഫൈറ്റ് സ്വീക്വൻസുകൾ സാധാരണ റിപ്പോർട്ടിംഗിൽ വലിയ സ്കോപ്പില്ലാത്ത സമയം.എന്നാലും നമുക്ക് ഇതു കാണുവാനുള്ള കൗതുകവും ആവേശവും രാവേറെ ചെല്ലുന്നതുവരെ ലൊക്കേഷനിൽ നിൽക്കുവാൻ കാരണമായി.

ഭീമൻരഘുവും,റിസബാവയും തമ്മിലാണ് സംഘട്ടനം.മാൻപേടയുടെ മുഖമുള്ള റിസ്സബാവ തുടക്കകാരന്റെ ആവേശത്തിൽ സിറ്റേഷനൊക്കെ മനസ്സിലാക്കി നിൽപ്പുണ്ട്.ഭീമൻരഘു ഈ രംഗത്ത് പരിണിതപ്രജ്ഞനായതുകൊണ്ട് അനായാസം കാര്യങ്ങൾ മനസ്സിലാക്കി എപ്പോഴും റെഡിയാണ്. പോരെങ്കിൽ ചെറിയ സിനിമകളാണെങ്കിൽ ഫൈറ്റ് മാസ്റ്ററുടെ മേലും പ്രത്യേക മേധാവിത്വം ഇത്തരം താരങ്ങൾക്കുണ്ടാവും. രണ്ടാമത്തെ സിനിമയിൽ കിട്ടിയവേഷം പൊലിപ്പിക്കുന്നതിന്റെ ആവേശവും ആത്മവിശ്വാസവും ഫൈറ്റ് മാസ്റ്ററുമായി സംസാരിച്ചു നിൽക്കുന്ന റിസബായുടെ മുഖത്തുണ്ട്.ചുറ്റിലും ചിത്രീകരണം കാണുവാൻ നിൽക്കുന്നവരുടെ നോട്ടവും വെളുത്തു സുമുഖനും നല്ല ചുരുണ്ടമുടിയുമായി നിൽക്കുന്ന റിസബാവയിലാണ്.റിസയുടെ മുഖത്ത് പശുപതിയിലെ നായകന് ഭാരമായി കണ്ട മീശ ഈ സമയത്ത് ഇല്ല.നായക നിരയിലേക്ക് യുവതാരങ്ങൾ അപൂർവ്വമായി കയറിവരുന്ന സമയം ആ പ്രതീക്ഷയുടെ ഭാരം റിസയുടെ മനസ്സിലുണ്ടാവണം.



ഭീമൻരഘുവുമായിട്ടുള്ള ബ്ലോക്ക് രംഗങ്ങളാണ് ചിത്രീകരിച്ചത്.മാസ്റ്റർ കാണിച്ചുകൊടുത്തതൊക്കെ മനസ്സിലാക്കി ഫൈറ്റ് സ്വീക്വൻസ് ചിത്രീകരിച്ചു.മല്ലനെപ്പോലെ നിന്ന ഭീമന്റെ ബ്ലോക്കിനെ നേരിട്ട റിസയെ ഭീമൻരഘും എടുത്തുപൊക്കി മറിക്കുന്നതായിരുന്നു രംഗം.ക്യാമറമാൻ റെഡി പറഞ്ഞു.സംവിധായകൻ ആക്ഷൻ പറഞ്ഞു. ഭീമനോടുത്ത റിസബാവയെ ബ്ലോക്ക് ചെയ്ത് ഒന്നു പൊക്കി മറിച്ചു.കരുത്തുറ്റ ഭീമന്റെ ആക്ഷൻ നേരിട്ട റിസബാവ അന്തരീക്ഷത്തിൽ ഉയർന്നു.ഏതാണ്ട് മുന്നടി പൊക്കത്തിലുയർന്ന റിസബാവ നേരെ നടുവിടിച്ച് കരിയിലകൾമൂടിക്കിടന്ന കട്ടിയായ തറിയിൽ വീണു...ഒരു നിമിഷം നടുവിടിച്ചു വീണ ശബ്ദത്തിൽ ലൊക്കേഷനിലുള്ളവർ സ്തംബ്ദരായി.പെട്ടന്നു തന്നെ റിസ എഴുന്നേറ്റു.പക്ഷേ നടുവിനേറ്റ ആഘാതം മറച്ചുകൊണ്ട് റിസ്സ നിന്നു.പരിചയക്കുറവെന്നും മറ്റും പറഞ്ഞ് ഈസി മട്ടിൽ സഹപ്രവർത്തകർ ഷൂട്ടിംഗ് പാക്കപ്പ് പറഞ്ഞു.പക്ഷേ പീന്നിട് ഏറെ നാളത്തെ ചികിൽസയിലാണ് നടുവിന്റെ ക്ഷതം മാറിയത്.ആ ക്ഷതം ജീവിതകാലം മുഴുവൻ അദ്ദേഹത്തിനുണ്ടായിരുന്നു.പിന്നീട് കാണുമ്പോഴൊക്കെ ആ വീഴ്ചയുടെ കാര്യം നടുക്കത്തോടെ ഓർക്കും.പാരമ്പര്യമായി തടിവെക്കുന്ന പ്രകൃതമായിരുന്നെങ്കിലും തന്റെ ശരീരം പൂർണ്ണിച്ചതും ആരോഗ്യം തകർത്തും അന്നത്തെ ആ വീഴ്ചയിലായിരുന്നുവെന്ന് റിസബാവ കണ്ടപ്പോഴൊക്കെ പറഞ്ഞിരുന്നു. എപ്പോഴും പ്രസന്നഭാവവും സ്നേഹവും നിറഞ്ഞ റിസബാവക്ക് മലയാള സിനിമയിൽ അർഹമായ ഉയരങ്ങളിലെത്തുവാനായില്ല.പരാതിയും പരിഭവവുമില്ലാതെ റിസ്സബാവയെന്ന ചിരിക്കുന്ന വില്ലൻ യാത്രമൊഴി ചൊല്ലുന്നു.

## സ്ക്വാഡ് പരിശോധന: 14 കേസുകൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി കൊല്ലം ജില്ലാ കലക്ടർ അഫ്സാന പർവീണിന്റെ നിർദ്ദേശപ്രകാരം നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ 14 കേസുകൾക്ക് പിഴ ചുമത്തി. ചടയമംഗലം, ചിതറ, കരീപ്ര, എഴുകോൺ, ഇട്ടിവ, കടക്കൽ, കൊട്ടാരക്കര, കുളക്കട, കുമ്മിൾ, മൈലം, നെടുവത്തൂർ, പൂയപ്പള്ളി, ഉമ്മന്നൂർ, വെളിനല്ലൂർ എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ നാല് കേസുകൾക്ക് പിഴ ഈടാക്കുകയും 148 കേസുകൾക്ക് താക്കീത് നൽകുകയും ചെയ്തു.

കരുനാഗപ്പള്ളി, ആലപ്പാട്, ഓച്ചിറ, നീണ്ടകര, ചവറ, ക്ലാപ്പന, കെ.എസ. പുരം, പ ന, തഴവ, തൊടിയൂർ, തെക്കുംഭാഗം, തേവലക്കര എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ ഒൻപത് കേസുകളിൽ പിഴയീടാക്കി. 107 കേസുകൾക്ക് താക്കീത് നൽകി.

കുന്നത്തൂരിൽ ഒരു കേസിന് പിഴ ഈടാക്കുകയും 34 കേസുകൾക്ക് താക്കീത് നൽകുകയും ചെയ്തു.

## ഗസ്റ്റ് ലക്ചറർ ഇന്റർവ്യൂ

കാര്യവട്ടം സർക്കാർ കോളേജിൽ ഇംഗ്ലീഷ് വിഷയത്തിൽ ഗസ്റ്റ് അദ്ധ്യാപക ഒഴിവുണ്ട്. കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ തയ്യാറാക്കിയ ഗസ്റ്റ് അദ്ധ്യാപക പാനലിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ 24ന് മുമ്പ് principalgck@gmail.com ലേക്ക് അയയ്ക്കണം.

വിശദ വിവരങ്ങൾക്ക്: 04712417112.

## റസിഡൻഷ്യൽ ടീച്ചർ, കുക്ക് നിയമനം

കേരള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന മഹിള ശിക്ഷൺ കേന്ദ്രത്തിൽ റസിഡൻഷ്യൽ ടീച്ചർ, കുക്ക് തസ്തികകളിൽ സ്ത്രീ ഉദ്യോഗാർഥികൾക്കായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. അപേക്ഷകർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം 25ന് രാവിലെ 11ന് കേരള മഹിള സമഖ്യ സൊസൈറ്റിയുടെ അഗളിയിൽ പ്രവർത്തിക്കുന്ന പാലക്കാട് ജില്ലാ ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂവിന് ഹാജരാകണം. വിശദവിവരങ്ങൾക്ക്: 04924254013.

## വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിക്കാം

പ്ലസ് വൺ മുതൽ പോസ്റ്റ്ഗ്രാജുവേറ്റ് കോഴ്സുകൾ വരെയും പ്രൊഫഷണൽ കോഴ്സുകൾക്കും പഠിക്കുന്ന കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷയോടൊപ്പം അംഗത്തിന്റെ ക്ഷേമനിധി തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, വിദ്യാർഥിയുടെ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പ്രൊഫഷണൽ കോഴ്സുകൾക്കുള്ള അലോട്ട്മെന്റ് മെമ്മോയുടെ പകർപ്പ് എന്നിവ സഹിതം വഞ്ചിയൂരുള്ള തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഒക്ടോബർ 31നകം നൽകണം. വിശദവിവരങ്ങൾക്ക് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 04712572189.

## എം. ബി. എ സ്പോട്ട് അഡ്മിഷൻ

സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) കോഴ്സിന് ഒഴിവുള്ള സീറ്റിലേക്ക് 20ന് രാവിലെ 10ന് സ്പോട്ട് അഡ്മിഷൻ തൈക്കാട് കിറ്റ്സിന്റെ ആസ്ഥാനത്ത് നടക്കും. കൂടുതൽ വിവരങ്ങൾക്ക്: ാാാ.സശമേലൈറ.ീൃഴ, 9446529467/04712327707.

## ബി. ബി. എ. കോഴ്സിന് അപേക്ഷിക്കാം

സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ ബി.ബി.എ. (ടൂറിസം മാനേജ്മെന്റ്)/ ബി.കോം (ട്രാവൽ ആന്റ് ടൂറിസം) കോഴ്സുകളിൽ മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിന് ാാാ.സശമേലൈറ.ീൃഴ മുഖേന അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9446529467/04712327707.

## ഇന്ത്യയിലെ ആദ്യത്തെ യൂറോ ഗ്രീൻ ബോണ്ട് പിഎഫ്സി പുറത്തിറക്കി

ന്യൂഡൽഹി വൈദ്യുതി മേഖലയിലെ മുൻനിര ബാങ്കിങ് ഇതര (ചആഎ) സ്ഥാപനമായ പവർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (ജഎഇ), 13.09.2021 ന് 7 വർഷ കാലാവധിയുള്ള 300 ദശലക്ഷത്തിന്റെ ആദ്യ യൂറോ ബോണ്ട് വിജയകരമായി പുറത്തിറക്കി. 1.841% എന്ന നിരക്കിലാണ് വിലനിർണ്ണയം .

ഇന്ത്യയിൽ നിന്നുള്ള ആദ്യ യൂറോ ഗ്രീൻ ബോണ്ട് പുറത്തിറക്കലാണിത്. കൂടാതെ, ഒരു ഇന്ത്യൻ ചആഎഇ യുടെ ആദ്യ യൂറോ ബോണ്ട് പുറത്തിറക്കലും, 2017 ന് ശേഷം ഇന്ത്യയിൽ നിന്നുള്ള ആദ്യ യൂറോ ബോണ്ട് പുറത്തിറക്കലുമാണ് ഇത്.

ആദ്യ യൂറോ ഗ്രീൻ ബോണ്ടിൽ ഏഷ്യയിലെയും യൂറോപ്പിലെയും ഇൻസ്റ്റിട്യൂഷണൽ നിക്ഷേപകരുടെ 82 അക്കൗണ്ടുകളിൽ നിന്നുള്ള ശക്തമായ പങ്കാളിത്തമുണ്ട്. 2.65 മടങ്ങ് കൂടുതൽ സബ്സ്ക്രൈബ് ചെയ്യുകയും ചെയ്തു.

## വിദ്യാകിരണം പദ്ധതി: ഒന്നരമാസത്തിനകം ഒരു ലക്ഷത്തിലധികം കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണം

വിദ്യാകിരണം പദ്ധതിയിലൂടെ ഒന്നരമാസത്തിനകം ഒരു ലക്ഷത്തിലധികം കുട്ടികൾക്ക് സമൂഹപങ്കാളിത്തത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭിച്ചു. സംസ്ഥാനത്തെ സ്കൂളുകളിൽ കൈറ്റ് വിക്ടേഴ്സ് വഴിയുള്ള ഡിജിറ്റൽ ക്ലാസുകളുടെ തുടർച്ചയായി ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കുന്നതിന് സമൂഹപങ്കാളിത്തത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമുള്ള കുട്ടികളുടെ എണ്ണം ഇതോടെ 3,70,416 ആയി കുറഞ്ഞു.

വിദ്യാകിരണം പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് ജൂലൈ 26 വരെ ശേഖരിച്ച കണക്കുപ്രകാരം 4,72,445 കുട്ടികൾക്കായിരുന്നു ഉപകരണങ്ങൾ ആവശ്യമുണ്ടായിരുന്നത്. ആഗസ്റ്റ് നാലിന് പദ്ധതിയുടെ പോർട്ടൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതിനുശേഷം 1,02,029 കുട്ടികൾക്ക് ഒന്നരമാസത്തിനകം ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമായി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പോർട്ടൽ വഴിയുള്ള പർച്ചേസ് നടപടികൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ 21.5 ശതമാനം കുട്ടികൾക്കും സാമൂഹപങ്കാളിത്തത്തോടെ ഉപകരണങ്ങൾ ലഭിച്ചത് പദ്ധതിയെ പൊതുസമൂഹം നെഞ്ചേറ്റി എന്നതിന്റെ തെളിവാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

വിദ്യാകിരണം പോർട്ടൽ (ശ്യ്രമസശൃമിമാ.സല്യമഹമ.ഴീ.ശി) വഴി പൊതുജനങ്ങൾക്കും കമ്പനികൾക്കും സ്കൂളുകൾ തിരിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചും ആവശ്യമുള്ള കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ സംഭാവന ചെയ്യാനാകും. ഇഷ്ടമുള്ള തുകയും പോർട്ടൽ വഴി നൽകാം. പണം നൽകുന്നവർക്ക് ആദായനികുതി ഇളവുണ്ട്. മുഴുവൻ കുട്ടികൾക്കും എത്രയും പെട്ടെന്ന് ഉപകരണങ്ങൾ ലഭ്യമാക്കി ഓൺലൈൻ ക്ലാസുകൾ ആരംഭിക്കാനുള്ള ശ്രമത്തിൽ എല്ലാവരും പങ്കാളികളാവണമെന്ന് മുഖ്യമന്ത്രി അഭ്യർഥിച്ചു.



ലൈഫ് പദ്ധതിയിലൂടെ പൂർത്തിയാക്കിയ വീടുകളുടെ താക്കോൽദാനം ഡെപ്യൂട്ടി മേയർ നിർവഹിക്കുന്നു



ദുരന്തനിവരാണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാകലക്ടറുടെ അധ്യക്ഷതയിൽ കോവിഡ് അവലോകന യോഗം ചേരുന്നു




തിരുവോണം ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പിന്റെ ഉദ്ഘാടനം ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കുന്നു. ഗതാഗത മന്ത്രി ആന്റണി രാജു സമീപം

# തിരുവോണം ബമ്പർ കൊല്ലത്ത് വിറ്റ ടിക്കറ്റിന്

സംസ്ഥാന സർക്കാരിന്റെ തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനമായ 12 കോടി രൂപ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി സബ് ഓഫീസിൽ നിന്ന് വിതരണം ചെയ്ത ഠഋ 645465 എന്ന ടിക്കറ്റിന് ലഭിച്ചു. തിരുവനന്തപുരം ഗോർഖീ ഭവനിൽ ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ തിരുവോണം ബമ്പർ നറുക്കെടുപ്പ് ഉദ്ഘാടനം ചെയ്തു. ഭാഗ്യക്കുറി ജേതാക്കൾക്ക് ലഭിക്കുന്ന തുക ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിനായി പരിശീലനം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് മന്ത്രി പറഞ്ഞു.

പൂജാ ബമ്പർ ഭാഗ്യക്കുറിയുടെ പ്രകാശനം മന്ത്രി കെ.എൻ. ബാലഗോപാൽ ലോട്ടറി ക്ഷേമനിധി ബോർഡ് ചെയർമാൻ പി.ആർ. ജയപ്രകാശിന് നൽകി നിർവഹിച്ചു. ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു. ലോട്ടറി വകുപ്പ് ജോയിന്റ് ഡയറക്ടർ നൗഷാദ്, വാർഡ് കൗൺസിലർ പാളയം രാജൻ തുടങ്ങിയവർ സംബന്ധിച്ചു.

# ലൈഫ് പദ്ധതി: കൊല്ലം നഗരസഭയിൽ 200 വീടുകൾ കൂടി പൂർത്തിയായി

ലൈഫ് പദ്ധയിലൂടെ 200 വീടുകൾ കൂടി പൂർത്തീകരിച്ച് കൊല്ലം നഗരസഭ. സംസ്ഥാന സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി നിർമിച്ച വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു.

കൊല്ലം നഗരസഭാതല ഉദ്ഘാടനം സി.കേശവൻ മെമ്മോറിയൽ ടൗൺ ഹാളിൽ ഡെപ്യൂട്ടി മേയർ കൊല്ലം മധു നിർവഹിച്ചു. ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ എസ്. ജയൻ അധ്യക്ഷനായി. നികുതി അപ്പീൽകാര്യ സ്ഥിരം സമിതി അധ്യക്ഷൻ അഡ്വ. എ. കെ സവാദ്, വിദ്യാഭ്യാസ കായികകാര്യ സ്ഥിരം സമിതി അധ്യക്ഷ എസ്. സവിത ദേവി, കൗൺസിലർമാർ തുടങ്ങിയവർ പങ്കെടുത്തു.

നീണ്ടകര ഹാർബറിൽ തുടങ്ങിയ റസ്റ്ററന്റിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് അംഗം സി. പി. സുധീഷ് കുമാർ നിർവഹിക്കുന്നു

ദുരന്തനിവരാണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാകലക്ടറുടെ അധ്യക്ഷതയിൽ കോവിഡ് അവലോകന യോഗം ചേരുന്നു

കടലിൽ കാണാതായ മത്സ്യത്തൊഴിലാളിക്കായി നടത്തുന്ന തിരച്ചിലിന്റെ പുരോഗതി വിലയിരുത്താൻ ജില്ലാ കലക്ടർ അഫ്സാന പർവീൺ നീണ്ടകര കോസ്റ്റൽ പൊലിസ് സ്റ്റേഷനിൽ നടത്തിയ യോഗത്തിൽ നിന്ന്

# ലാറ്ററൽ എൻട്രിപ്രവേശനം

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജിലെ ലാറ്ററൽ എൻട്രി അഡ്മിഷൻ സെപ്റ്റംബർ 20 രാവിലെ 9.30 മുതൽ സെൻട്രൽ പോളിടെക്നിക്ക് കോളേജിൽ നടത്തും. ഐ.റ്റി.ഐ പാസ്സായവരും അനുബന്ധ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് രാവിലെ 9.30 മുതൽ പ്രവേശനം. സിവിൽ ബ്രാഞ്ചിൽ റാങ്ക് 50 വരെ, മെക്കാനിക്കൽ ബ്രാഞ്ചിൽ റാങ്ക് 150 വരെ, ഇലക്ട്രിക്കൽ ബ്രാഞ്ചിൽ റാങ്ക് 150 വരെ, ഇല്ക്ട്രോണിക്സ് ബ്രാഞ്ചിൽ റാങ്ക് 150 വരെ, കമ്പ്യൂട്ടർ, ടെക്സ്റ്റൈൽ ബ്രാഞ്ചുകളിൽ ഐ.റ്റി.ഐ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവരും.

പ്ലസ്ടു / വി.എച്ച്.എസ്.ഇ പാസ്സായവരും അനുബന്ധ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് രാവിലെ 10.30 മുതൽ ധീവര, കുടുമ്പി, കുശവൻ വിഭാഗത്തിൽപ്പെട്ട എല്ലാവരും, രാവിലെ 11 മുതൽ 100 റാങ്ക്വരെ, രാവിലെ 12 മുതൽ 101 മുതൽ 250 റാങ്ക്വരെ, ഉച്ചയ്ക്ക് 2 മുതൽ എസ്.സി വിഭാഗത്തിൽപ്പെട്ട 400 റാങ്ക് വരെയുള്ളവർ (സീറ്റ്ഒഴിവുണ്ടെങ്കിൽ), ഉച്ചയ്ക്ക് 2.30 മുതൽ ടെക്സ്റ്റൈൽടെക്നോളജി പഠിക്കാൻ താൽപര്യമുള്ളഎല്ലാവിഭാഗക്കാരും.

പങ്കെടുക്കുന്നവർ സർട്ടിഫിക്കറ്റുകളുടെ അസൽ ഹാജരാക്കണം. അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ ഫീസ് ആനുകൂല്യം ഉള്ളവർ ഏകദേശം 13,000 രൂപയും മറ്റുള്ളവർ 16,000 രൂപയും അടയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക്: ഠഠഠ.ുീഹ്യമറാശശൈീി.ീൃഴ/ഹലേ, 04712360391.

# സപ്ലൈകോ 'ഛോട്ടു' ഗ്യാസ് സിലിണ്ടറിന്റെ വിതരണം ആരംഭിച്ചു

സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ വഴി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ അഞ്ചുകിലോ ഗ്യാസ് സിലിണ്ടർ 'ഛോട്ടു' വിതരണം ആരംഭിച്ചു.

കൊച്ചി ഡിപ്പോയുടെ കിഴിലുള്ള ഗാന്ധിനഗർ ഹൈപ്പർ മാർക്കറ്റ്, പനമ്പിള്ളി നഗർ സൂപ്പർ മാർക്കറ്റ് എന്നിവിടങ്ങളിൽ വിൽപന തുടങ്ങിയതായി സിഎംഡി പി.എം. അലി അസ്ഗർ പാഷ അറിയിച്ചു. ഇൻഡ്യൻ ഓയിൽ കോർപ്പറേഷനും സപ്ലൈകോയും തമ്മിൽ കരാർ ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിലാണ് വിതരണം. സൂപ്പർ മാർക്കറ്റുകൾക്കു സമീപത്തുള്ള എൽ പി ജി ഔട്ട്ലെറ്റുകളിൽ നിന്ന് എത്തിച്ചു തരുന്ന സിലിണ്ടറുകൾ അതത് ഡിപ്പോകളിൽ റെസീപ്പ്റ്റ് ചെയ്ത് ഔട്ട്ലെറ്റുകളിലേക്ക് ബില്ലു ചെയ്തു കൊടുക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. അതിന്റെ ക്ലെയിംസ് അതത് താലൂക്ക് ഡിപ്പോകൾ വഴി ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകും. സംശയ നിവാരണത്തിനായി കൊച്ചി ഡിപ്പോ മാനേജരുമായി ബന്ധപ്പെടണം: 9447975243. ഐഒസി ബിപിഎസ്എസ് ഇൻഡ്യൻ സെയിൽസ് ഓഫീസർമാരിൽ നിന്ന് കൂടുതൽ വിവരങ്ങൾ ലഭിക്കും: സൂര്യാ (കൊച്ചി ആൻഡ് ആലപ്പി സെയിൽസ് ഓഫീസർ ) 9447498252, മഞ്ജുഷ (തിരുവനന്തപുരം ഫീൽഡ് ഓഫീസർ) 9447498247, രാഹുൽ (കൊല്ലം ഫീൽഡ് ഓഫീസർ) 9447763641, സയ്യദ് മുഹമ്മദ് (കോട്ടയം/ പത്തനംത്തിട്ട ഫീൽഡ് ഓഫീസർ) 9447498254, ഡാൽബിൻ (എറണാകുളം ആൻഡ് ഇടുക്കി സെയിൽസ് ഓഫീസർ) 9447498249, റോഷിനി (തൃശ്ശൂർ ഫീൽഡ് ഓഫീസർ) 9447498248, ഗീതുമോൾ (പാലക്കാട് /മലപ്പുറം ഫീൽഡ് ഓഫീസർ ) 9447498251, റെജീന (കോഴിക്കോട് ഫീൽഡ് ഓഫീസർ) 9447498255, ശ്രീനാഥ് (കണ്ണൂർ/ കാസർഗോഡ് ഫീൽഡ് ഓഫീസർ ) 9446328889.

# തുല്യതാപരീക്ഷയിൽ വിജയവുമായി 67 ജനപ്രതിനിധികൾ

ഹയർസെക്കൻഡറി തുല്യതാ പരീക്ഷയിൽ മികച്ച വിജയവുമായി ജനപ്രതിനിധികൾ. 67 ജനപ്രതിനിധികളാണ് 2021 ജൂലൈയിൽ നടന്ന ഹയർസെക്കൻഡറി തുല്യതാ പരീക്ഷയുടെ രണ്ടാം വർഷ പരീക്ഷയെഴുതി വിജയിച്ചത്. പഞ്ചായത്ത് മെമ്പർമാർ മുതൽ നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റിയംഗങ്ങൾ വരെയുള്ളവർ സാക്ഷരതാമിഷന്റെ ഹയർസെക്കൻഡറി തുല്യതാ കോഴ്സുകൾ പഠിച്ച് വിജയികളായി.

31 ഗ്രാമപഞ്ചായത്ത് മെമ്പർമാർ, രണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ, ഒരു ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, ഏഴ് ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റിയംഗങ്ങൾ എന്നിവർ വിജയിച്ചവരിൽ ഉൾപ്പെടും. എറണാകുളം ജില്ലയിലെ ഇളംകുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് രസികല ആർ, കൊല്ലം ജില്ലയിലെ അലയമൺ പഞ്ചായത്ത് പ്രസിഡന്റ് അസീനാ ബീവി, പനയം ഗ്രാമപഞ്ചായത്തിന്റെ വൈസ് പ്രസിഡന്റ് ഇ. ജിജി എന്നിവർ വിജയിച്ചു.

11 ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, രണ്ട് ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റിയംഗങ്ങൾ, ഒരു ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്നിവരും വിജയിച്ച ജനപ്രതിനിധികളിൽ ഉൾപ്പെടും. കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്കിലെ പി.ഷൈറീനയാണ് ഉന്നതപഠനത്തിന് അർഹതനേടിയ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്. തിരുവനന്തപുരം, തൃശൂർ എന്നിവിടങ്ങളിലെ രണ്ട് ജില്ലാ പഞ്ചായത്തംഗങ്ങളും വിജയിച്ചിട്ടുണ്ട്.

രണ്ട് നഗരസഭാ കൗൺസിലർമാരും ഒരു നഗരസഭാ വിദ്യാഭ്യാസകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സണും വിജയിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി നഗരസഭയിലെ കെ. മുരുകൻ, പത്തനംതിട്ട നഗരസഭയിലെ പി.കെ. അർജുനൻ എന്നിവരാണ് വിജയിച്ച കൗൺസിലർമാർ. ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭാ വിദ്യാഭ്യാസകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷീജാമോളും വിജയിച്ചു. മലപ്പുറം ജില്ലയിലെ 5 മുൻസിപ്പാലിറ്റി കൗൺസിലർമാരും എറണാകുളം പെരുമ്പാവൂർ മുൻസിപ്പാലിറ്റിയിലെ ഒരു കൗൺസിലറും വിജയിച്ചവരിൽ ഉൾപ്പെടും.

ഏറ്റവും കൂടുതൽ പഠിതാക്കൾ പരീക്ഷയെഴുതിയ മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ ജനപ്രതിനിധികൾ വിജയിച്ചത്. മലപ്പുറം ജില്ലയിൽ 13 സ്ത്രീകളും 6 പുരുഷൻമാരുമുൾപ്പെടെ 19 ജനപ്രതിനിധികൾ ഉന്നതപഠനത്തിന് അർഹതനേടി. പാലക്കാട് ജില്ലയിൽ വിജയിച്ച 11 ജനപ്രതിനിധികളും സ്ത്രീകളാണ്. വിജയികളായ 67 ജനപ്രതിനിധികളിൽ 53 സ്ത്രീകളും 14 പുരുഷൻമാരുമാണുള്ളത്.

## ഡിഗ്രിപ്രവേശനം

ഐ.എച്ച്.ആർ. ഡി. യുടെ പരിധിയിലുള്ള കുണ്ടറ കോളേജ് ഓഫ് അപ്ലൈഡ് സയൻസസിൽ ബി.എസ്.ഇ കമ്പ്യൂട്ടർ സയൻസ്/ഇലക്ട്രോണിക്സ്, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ടാക്സേഷൻ തുടങ്ങിയ കോഴ്സുകളിൽ 2021 22 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ തുടരുന്നു. കേരള യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് എ www.i-hr-d-a-dm-i-ssion-s.or-g, www.i-hr-d.a-c.in വെബ്സൈറ്റുകൾ വഴി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 8547005066, 9594310482, 0474 2580866.

## ബി. അബ്ദുൽനാസർ തെന്മല ഇക്കോ ടൂറിസം സി. ഇ. ഒ

ജില്ലയുടെ മുൻ കലക്ടർ ബി. അബ്ദുൽ നാസർ തെല ഇക്കോ ടൂറിസം പ്രോമോഷൻ സൊസൈറ്റിയുടെ ചീഫ് എക്സിക്യുട്ടിവ് ഓഫീസർ. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഡയറക്ടറായി സേവനമനുഷ്ഠിക്കുന്നതിന് പുറമെ പ്ലാനിംഗ് വകുപ്പിലെ സെന്റർ പ്ലാൻ മോണിറ്ററിംഗ് ഡയറക്ടറുടെ അധിക ചുമതലയുമുണ്ട്.

## കേരള സംസ്ഥാന കർഷക കടാശ്വസ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പാലക്കാട് ജില്ലയിൽ സിറ്റിംഗ് നടത്തും. സിറ്റിംഗിൽ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. പാലക്കാട് സർക്കാർ അതിഥി മന്ദിരത്തിൽ 23, 24 തീയതികളിലാണ് സിറ്റിംഗ്. രാവിലെ 10 മണി മുതൽ സിറ്റിംഗ് ആരംഭിക്കും. ഹിയറിംഗിന് ഹാജരാകാൻ നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെട്ട് ബാങ്ക് നൽകുന്ന വായ്പ വിവരങ്ങളിൽ എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ ആവശ്യപ്പെട്ട രേഖകൾ സഹിതം കൃത്യസമയത്ത് എത്തണം. സിറ്റിംഗിന് എത്തുന്നവർ കൊവിഡ്19 മാനദണ്ഡങ്ങൾ പാലിക്കണം.

# പട്ടിക വർഗ വിഭാഗക്കാർക്ക് കാർഷിക യന്ത്രങ്ങൾ സ്വന്തമാക്കുന്നതിന് ആനുകൂല്യം

കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്മാം പദ്ധതിയിൽ സബ്സിഡി നിരക്കിൽ കാർഷിക യന്ത്രങ്ങൾ സ്വന്തമാക്കുന്നതിന് അപേക്ഷിക്കാം. കാർഷിക ഉത്പ്പന്ന സംസ്കരണ/ മൂല്യ വർദ്ധന യന്ത്രങ്ങൾ, കൊയ്ത്തുമെതി യന്ത്രം, ട്രാക്ടറുകൾ, പവർ ടില്ലർ, ഗാർഡൻ ടില്ലർ, സ്പ്രേയറുകൾ, ഏണികൾ, വീൽ ബാരോ, കൊയ്ത്ത് യന്ത്രം, ഞാറുനടീൽ യന്ത്രം, നെല്ലുകുത്ത് മിൽ, ഓയിൽ മിൽ, ഡ്രയറുകൾ, വാട്ടർ പമ്പ് മുതലായവ പദ്ധതി നിബന്ധനകൾക്കു വിധേയമായി സബ്സിഡിയോടെ ലഭിക്കും. കാർഷിക യന്ത്രങ്ങൾക്കും ഉപകരണങ്ങൾക്കും 50 ശതമാനം വരെയും കാർഷിക ഉത്പ്പന്ന സംസ്ക്കരണ / മൂല്യവർദ്ധന യന്ത്രങ്ങൾക്ക് / ഉപകരണങ്ങൾക്ക് 60 ശതമാനം വരെയും സാമ്പത്തിക സഹായം ലഭിക്കും. അംഗീകൃത കർഷക കൂട്ടായ്മകൾക്ക് ഫാം മെഷിനറി ബാങ്ക് സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 80 ശതമാനം സബ്സിഡി നിരക്കിൽ പരമാവധി എട്ട് ലക്ഷം രൂപവരെയും, കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40 ശതമാനം സബ്സിഡി നിരക്കിലും കാർഷിക യന്ത്രങ്ങൾ വാങ്ങാം. ഇതിനു വേണ്ടി വേ്യ:://മഴൃശാമരവശില്യ.ിശര.ശി ൽ കൂടി നടപടികൾ പൂർത്തിയാക്കാം. സംശയ നിവാരണത്തിനും സാങ്കേതിക സഹായങ്ങൾക്കും ഏറ്റവും അടുത്തുള്ള കൃഷി ഭവനിലോ, ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ബന്ധപ്പെടണം. വിശദവിവരങ്ങൾക്ക്: 9383471797, 9383470693, 9383470068.

# മുള മേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്ന സമീപനമാണ് സർക്കാരിന്റേത്: മന്ത്രി

മുളമേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്ന സമീപനമാണ് സർക്കാരിനുള്ളതെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. ലോക ബാംബൂ ദിനത്തോടനുബന്ധിച്ച് മുള മേഖലയുടെ പ്രചരണവും മുള ഉത്പ്പന്ന വികസനവും എന്ന വിഷയത്തിൽ വ്യവസായ വാണിജ്യ വകുപ്പിന്റേയും കേരള സംസ്ഥാന ബാംബൂ മിഷന്റേയും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റേയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓൺലൈൻ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറും നാഷണൽ ബാംബൂ മിഷൻ കേരളയിലെ മിഷൻ ഡയറക്ടറുമായ എസ് ഹരികിഷോർ സ്വാഗതം പറഞ്ഞു. വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേരള സംസ്ഥാന ബാംബൂ മിഷൻ വൈസ് ചെയർമാനുമായ ഡോ. കെ ഇളങ്കോവൻ ആമുഖ പ്രഭാഷണം നടത്തി. കേരള ഫോറസ്റ്റ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ശ്യാം വിശ്വനാഥ് പ്രത്യേക പ്രഭാഷണം നടത്തി. കെബിപ്പിന്റേയും കേരള സംസ്ഥാന ബാംബൂ മിഷന്റേയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂരജ് എസ് നന്ദി പറഞ്ഞു. തുടർന്നുള്ള സെഷനുകളിൽ വിദഗ്ധർ ക്ലാസുകളെടുത്തു.

# നിർധനരായ രണ്ടു മറാത്തി കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾ സംസ്കാര ഏറ്റെടുക്കുന്നു

പാരിപ്പള്ളി സംസ്കാരയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സമർത്ഥരായ

വിദ്യാർത്ഥികളെ സഹായിക്കാനായി സ്വരൂപിക്കുന്ന വിദ്യാഭ്യാസനിധിയുടെ ഉദ്ഘാടനം സംസ്ഥാന

മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു. കുളമട രാജ് റൊട്ടാനാസ് കൺവെൻഷൻ സെന്ററിൽ നടന്ന സംസ്കാരയുടെ 25ാമത് പ്രതിഭാസംഗമവേദിയിൽ സംസ്കാരയുടെ മുൻ പ്രസിഡന്റ് കെ. രാധാകൃഷ്ണപിള്ളയിൽ നിന്നും 5000 രൂപ സ്വീകരിച്ചുകൊണ്ടാണ് വിദ്യാഭ്യാസ നിധി മന്ത്രി ഉദ്ഘാടനം ചെയ്തത്. വിദ്യാഭ്യാസ നിധിയിൽ നിന്നുള്ള ആദ്യ സഹായമായി കേരള സർവ്വകലാശാലയിൽ നിന്നും ബിഎ സംസ്കൃതം രണ്ടാം റാങ്ക് കരസ്ഥമാക്കിയ മേഘ്നയുടെയും പാരിപ്പള്ളി അമൃതവിദ്യാലയത്തിൽ നിന്നും +2 എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടി വിജയിച്ച അഭിഷേകിന്റെയും തുടർന്നുള്ള വിദ്യാഭ്യാസ ചെലവുകൾ പൂർണ്ണമായി സംസ്കാര ഏറ്റെടുത്തു. മഹാരാഷ്ട്രയിലെ സംഗ്ലി ജില്ലയിൽ നിന്നും സ്വർണ്ണപ്പണിക്കായി പാരിപ്പള്ളിയിലെത്തിയ

മച്ചീന്ദ്രയുടെയും രത്നമാലയുടെയും മക്കളാണ് മേഘ്നയും അഭിഷേകും. മച്ചീന്ദ്രയുടെ നിര്യാണത്തോടെ തീർത്തും അനാഥരായ കുട്ടികൾ ചപ്പാത്തി ഉണ്ടാക്കി വിറ്റാണ് ഈ ഉന്നതവിജയത്തിലേക്കെത്തിയത്.

പ്രതിഭാസംഗമത്തിൽ 12 റാങ്ക് ജേതാക്കൾക്കും എസ്.എസ്.എൽ.സി., +2 ഉന്നതവിജയം നേടിയ 72 കുട്ടികൾക്കും അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ഓഫീസർ ഡോ. പ്രഭുദാസ് സംസ്കാരയുടെ വിദ്യാഭ്യാസ അവാർഡുകൾ നൽകി അനുമോദിച്ചു. കൊല്ലം താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശ്രീകുമാർ പാരിപ്പള്ളി, ഈ വർഷത്തെ കേരള ക്ഷേത്രവാദ്യകല പുരസ്കാര ജേതാവ്, സംസ്കാര കലാക്ഷേത്രം പ്രിൻസിപ്പാൾ കലാമണ്ഡലം ശിവദാസൻ, ആൾട്ടർനേറ്റീവ് മെഡിസിനിൽ ഡോക്ടറേറ്റ് നേടിയ ഡോ. ആർ. ജയചന്ദ്രൻ എന്നിവർക്ക് സംസ്കാരയുടെ സ്നേഹാദരവ് സമർപ്പിച്ചു.

സംസ്കാര പ്രസിഡന്റ് എം. ശിവശങ്കരപിള്ളയുടെ അധ്യക്ഷതയിൽ നടന്ന പ്രതിഭാസംഗമത്തിന് സെക്രട്ടറി എസ്. പ്രസേനൻ സ്വാഗതവും വി. രാജേന്ദ്രൻപിള്ള നന്ദിയും പറഞ്ഞു.





പൂജാ ബമ്പർ ഭാഗ്യക്കുറിയുടെ പ്രകാശനം ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കുന്നു. ഗതാഗത മന്ത്രി ആന്റണി രാജു സമീപം



# കടൽ വിഭവങ്ങളുടെ രുചി വൈവിധ്യവുമായി സീഫുഡ് റസ്റ്റോറന്റുകൾ

തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള സാഹചര്യമാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) സാധ്യമാകുന്നതെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ. ജില്ലയിൽ രണ്ടാംഘട്ട തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകളുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം. പാർശ്വവൽക്കരിക്കപ്പെട്ട തീരദേശ ജനതയുടെ ഉന്നമനത്തിനും ശാക്തീകരണത്തിനുമായി സാഫിന്റെ നേതൃത്വത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ ശൃംഖല വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് മന്ത്രി പറഞ്ഞു.

നീണ്ടകര ഹാർബർ, ശക്തികുളങ്ങര എന്നിവിടങ്ങളിലാണ് മൂന്നു സീഫുഡ് റസ്റ്റോറന്റുകൾ പ്രവർത്തനമാരംഭിച്ചത്. മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നുള്ള അഞ്ച് വനിതകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. 6,67,000 രൂപയാണ് അടങ്കൽ തുക. ഇതിൽ അഞ്ച് ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1,33,000 രൂപ ബാങ്ക് ലോണും 34,000 രൂപ ഗുണഭോക്തൃ വിഹിതവും ആണ്. നീണ്ടകര ഹാർബറിൽ തുടങ്ങിയ കരിക്കാടി തീരമൈത്രി സീ ഫുഡ് റസ്റ്റോറന്റിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. സി. പി. സുധീഷ് കുമാറും ശക്തികുളങ്ങരയിൽ ആരംഭിച്ച സാറാസ്, കാന്താരി റസ്റ്റോറന്റുകളുടെ ഉദ്ഘാടനം കൊല്ലം കോർപ്പറേഷൻ കൗൺസിലർമാരായ എം. സുമി, രാജു നീലകണ്ഠൻ എന്നിവർ നിർവഹിച്ചു. ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ ഫിഷറീസ് സാഫ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



നീണ്ടകര ഹാർബറിൽ തുടങ്ങിയ റസ്റ്ററന്റിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് അംഗം സി. പി. സുധീഷ് കുമാർ നിർവഹിക്കുന്നു

# തീരസംരക്ഷണ സേന അന്തർദേശീയ തീരപ്രദേശ ശുചിത്വ ദിനം ആചരിച്ചു

തിരുവനന്തപുരം : തീരസംരക്ഷണ സേനയുടെ വിവിധ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ഇന്ന് (സെപ്റ്റംബർ 18) അന്തർദേശീയ തീരദേശ ശുചിത്വ ദിനം ആചരിച്ചു. വിഴിഞ്ഞം തീരസംരക്ഷണസേനാ കേന്ദ്രത്തിലെ സ്റ്റേഷൻ കമാൻഡറും മറ്റു ജീവനക്കാരും വിഴിഞ്ഞം കോസ്റ്റൽ പോലീസ് സ്റ്റേഷനിലെ 2 പോലീസുകാരും ഉൾപ്പെടെ വളരെ കുറച്ച്പേരെ മാത്രം പങ്കെടുപ്പിച്ച്, എല്ലാ കോവിഡ് മാനദണ്ഡങ്ങളും പാലിച്ച് കൊണ് കോവളത്തെ ഗ്രോവ് ബീച്ച് ശുചിയാക്കി.

തീരസംരക്ഷണ സേനയുടെ ജില്ലാ (എറണാകുളം) ആസ്ഥാനത്തിന്റെ (കേരള-മാഹി) നേതൃത്വത്തിൽ ഫോർട്ട് കൊച്ചി ബീച്ചും ചേറായി ബീച്ചും ശുചിയാക്കി. കൊച്ചി സിറ്റി പോലീസ് കമ്മീഷണർ നാഗരാജു ചകിലം ശുചീകരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. തീരസംരക്ഷണ സേനയുടെയും കോസ്റ്റൽ പോലീസിന്റേയും കേരളാ പോലീസിന്റേയും ഉൾപ്പെടെ 300 ഓളം പേർ പങ്കെടുത്തു. ഏകദേശം 1500 കിലോയോളം വരുന്ന സമുദ്ര മാലിന്യങ്ങൾ ശേഖരിച്ചു 2 ട്രക്കുകളിലായി നഗരസഭയുടെ കീഴിലുള്ള സ്ഥലത്തേക്കു മാറ്റി.

തീരസംരക്ഷണ സേനയുടെ 12-ാം നമ്പർ ജില്ലാ (ലക്ഷദ്വീപ്) ആസ്ഥാനത്തിന്റെ നേതൃത്വത്തിൽ കവരത്തിയിലെ ഫോറസ്റ്റ്-പരിസ്ഥിതി വകുപ്പുമായി ചേർന്ന് അന്തർദേശീയ തീരപ്രദേശ ശുചിത്വ ദിനം ആചരിച്ചു. കവരത്തിയിൽ നടന്ന തീരപ്രദേശ ശുചിത്വ പരിപാടിയിൽ തദ്ദേശ വാസികൾ, സ്കൂൾ കുട്ടികൾ, ഗവൺമെന്റ് ഉദ്യോഗസ്ഥർ, നേവി-തീരസംരക്ഷണ സേന ഉദ്യോഗസ്ഥർ തുടങ്ങിയവർ സജീവമായി പങ്കെടുത്തു. ശ്രീ. അൻപരശു, കഅട മുഖ്യാതിഥിയായിരുന്നു. പരിപാടിയിൽ പങ്കെടുത്ത സ്കൂൾ കുട്ടികൾക്ക് തീരസംരക്ഷണ സേനയുടെ 12-ാം നമ്പർ ജില്ലാ (ലക്ഷദ്വീപ്) ആസ്ഥാനത്തിന്റെ കമാൻഡർ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ദിനകരനും ശ്രീ. ദാമോദർ, കഎട ചേർന്ന് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഏകദേശം 2000 കിലോയോളം വരുന്ന സമുദ്ര മാലിന്യങ്ങൾ ശേഖരിച്ചു. എല്ലാ കോവിഡ് മാനദണ്ഡങ്ങളും പാലിച്ച് കൊൺായിരുന്നു പരിപാടി സംഘടിപ്പിച്ചത്.

# മൂന്നാം തരംഗം മുന്നൊരുക്കം: മെഡിക്കൽ കോളേജിൽ 2 പുതിയ ഐ.സി.യു.കൾ

## സെപ്റ്റംബർ 23ന് മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കും

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2 പുതിയ ഐ.സി.യു.കൾ കൂടി സജ്ജമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. മൂന്നാം തരംഗം മുന്നിൽ കണ്ടുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായാണ് 100 ഐ.സി.യു. കിടക്കകൾ സജ്ജമാക്കിയത്. ഈ ഐ.സി.യു.കൾക്കായി ആദ്യഘട്ടത്തിൽ 17 വെന്റിലേറ്ററുകളാണ് സ്ഥാപിക്കുന്നത്. 9 വെന്റിലേറ്ററുകൾ സ്ഥാപിച്ചു. ബാക്കിയുള്ള വെന്റിലേറ്ററുകൾ ഉടൻ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കൂടുതൽ വെന്റിലേറ്ററുകൾ സ്ഥാപിക്കും. എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് രോഗികൾ കൂടിയാൽ അവരെക്കൂടി ഉൾക്കൊള്ളുന്ന തരത്തിലാണ് ഐ.സി.യു.കൾ സജ്ജമാക്കിയിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ഐ.സി.യു.കളുടെ ഉദ്ഘാടനം 23ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിക്കും.

5.5 കോടി രൂപ ചെലവഴിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിലെ 7, 8 വാർഡുകൾ നവീകരിച്ചാണ് അത്യാധുനിക ഐ.സി.യു. സംവിധാനം സജ്ജമാക്കിയത്. ഓരോ വാർഡിലും ഒരു ഐസിയുവും ഒരു ഹൈ ഡിപ്പന്റൻസി യൂണിറ്റും ഒരുക്കിയിട്ടുണ്ട്. പൂർണമായും എയർകണ്ടീഷൻ ചെയ്തു. ഓരോ കിടക്കയിലും കേന്ദ്രീകൃത ഓക്സിജൻ വിതരണ സംവിധാനമുള്ള സെൻട്രൽ സക്ഷനും ലഭ്യമാക്കിയിട്ടുണ്ട്. മാത്രമല്ല അടിയന്തര ഘട്ടത്തിൽ വെന്റിലേറ്റർ ഘടിപ്പിക്കാനുള്ള സംവിധാനവുമുണ്ട്.

എല്ലാ കിടക്കകളിലും മൾട്ടി പാരാമീറ്റർ മോണിറ്റർ സംവിധാനമുണ്ട്. ഇതിലൂടെ ഓരോ രോഗിയേയും 24 മണിക്കൂറും നിരീക്ഷിക്കാൻ സാധിക്കും. സെൻട്രലൈസ്ഡ് നഴ്സിംഗ് സ്റ്റേഷനും ഡോക്ടർമാർക്ക് ഓരോ രോഗിയുടേയും മോണിറ്ററിംഗ് വിശദാംശങ്ങൾ നിരീക്ഷിക്കുന്നതിനുള്ള കേന്ദ്രീകൃത സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്.

ഐ.സി.യു.വിനോടനുബന്ധമായി മൈനർ പ്രൊസീജർ റൂം, സ്റ്റാഫ് റൂം എന്നിവയും സജ്ജമാക്കി. രോഗികളുടെ സമ്മർദം കുറയ്ക്കുന്നതിനായി മ്യൂസിക് സിസ്റ്റം, ടി.വി., അനൗൺസ്മെന്റ് സംവിധാനം എന്നിവയുമുണ്ട്. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ സഹകരണത്തോടെയാണ് ഉപകരണങ്ങൾ സജ്ജമാക്കിയത്.

## വിദ്യാർത്ഥികൾക്ക് മത്സരം

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ രണ്ട് മുതൽ എട്ടുവരെ വന്യജീവി വാരാഘോഷം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി പോസ്റ്റർ രചന, ചിത്രകഥാരചന, പ്രബന്ധ രചന, ഡിബേറ്റ്, വെബിനാർ തുടങ്ങിയ മത്സരങ്ങൾ ഓൺലൈനായും, ഓഫ്ലൈനായും സംഘടിപ്പിക്കും. വിശദാംശങ്ങൾക്ക് 9492138398, 9809034273, 9605008158 എന്നീ നമ്പരുകളിലും വിളിക്കണം.

# അഞ്ച് വർഷത്തിനകം അഞ്ച് ലക്ഷം വീടുകൾ നിർമിച്ച് നൽകും: മുഖ്യമന്ത്രി

അഞ്ച് വർഷത്തിനകം ലൈഫ് പദ്ധതിയിൽ അഞ്ച് ലക്ഷം വീടുകൾ നിർമിച്ചു നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ലൈഫ് പദ്ധതിയിൽ പൂർത്തിയായ 12,067 വീടുകളുടെ താക്കോൽ കൈമാറ്റ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭൂരഹിതഭവനരഹിത സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഭൂരഹിതരുടെ പുനരധിവാസത്തിനായി 2,207 യൂണിറ്റുകളടങ്ങിയ 36 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. അതിനു പുറമെ 17 ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തിനിടെ 2,62,131 വീടുകളാണ് സർക്കാർ നിർമിച്ചു നൽകിയത്. ഇതിനായി 8993 കോടി രൂപ ചെലവഴിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ സമന്വയിപ്പിച്ചാണ് ഇത് നടപ്പാക്കിയത്.

സദുദ്ദേശത്തോടെ നടത്തിയ ഇടപെടലുകൾ ചിലർ അനാവശ്യ വിവാദത്തിനുള്ള ആയുധമാക്കി മാറ്റിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. സുതാര്യവും ശാസ്ത്രീയവുമായി നടപ്പാക്കിയ പദ്ധതിയെക്കുറിച്ച് പലവിധ ആരോപണങ്ങളുണ്ടായി. നാടിനുണ്ടായ നേട്ടങ്ങൾ പരമാവധി ഇകഴ്ത്തിക്കാട്ടാനാകുമോയെന്നാണ് ഇവർ നോക്കിയത്. പാവപ്പെട്ടവർക്കായി സർക്കാർ നിർമിക്കുന്ന പാർപ്പിടങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടണം എന്ന ഉദ്ദേശത്തോടെയാണ് ഇത്തരം കോലാഹലങ്ങളുണ്ടാക്കിയത്. നാടിനെ അപമാനിക്കാൻ ശ്രമിച്ചവർക്കും വാസ്തവവിരുദ്ധ ആരോപണങ്ങൾ ഉന്നയിച്ചവർക്കും കേരള ജനത ജനാധിപത്യപരമായി മറുപടി നൽകി. നാടിന്റെ വികസനത്തിനും ക്ഷേമത്തിനുമായി എല്ലാവരും ഒന്നിക്കണമെന്ന സന്ദേശമാണ് കേരള ജനത നമ്മോടെല്ലാമായി പങ്കുവച്ചത്.

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നിർമിച്ച 12,067 വീടുകളിൽ 10,058 എണ്ണം ലൈഫ് മിഷൻ മുഖേനയും 2,009 വീടുകൾ പി.എം.എ.വൈ. (നഗരം) പദ്ധതിയിലുമാണ് നിർമിച്ചത്. ഇവയിൽ 7,832 വീടുകൾ ജനറൽ വിഭാഗത്തിനും 3,358 വീടുകൾ പട്ടികജാതി വിഭാഗത്തിനും 606 വീടുകൾ പട്ടികവർഗ്ഗ വിഭാഗത്തിനും 271 വീടുകൾ മത്സ്യത്തൊഴിലാളി വിഭാഗത്തിനുമാണ് ലഭിച്ചിരിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## ഗസ്റ്റ് ലക്ചറർ ഒഴിവ്

നെടുമങ്ങാട് സർക്കാർ കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക ഒഴിവുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. നെറ്റ്, പി.എച്ച്.ഡി, എം.ഫിൽ, കോളേജുകളിലെ അധ്യാപന പരിചയം എന്നിവ അഭിലഷണീയ യോഗ്യതകളാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾക്ക് കോളേജ് വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.



ദുരന്തനിവരാണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാകലക്ടറുടെ അധ്യക്ഷതയിൽ കോവിഡ് അവലോകന യോഗം ചേരുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.